(ബി) ആശുപത്രി പരിസരത്ത് മാലിന്യങ്ങൾ കെട്ടിക്കിടന്ന് പൊതുജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ബീച്ച് ആശുപത്രിയിലെ മാലിന്യങ്ങൾ 11/99 മുതൽ ഇൻസിനറേറ്റർ ഉപയോഗിച്ചു സംസ്ക്കരിച്ചുവരുന്നു.

(ബി)&(സി) ഉണ്ട്. പുതിയ ബ്ളോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കവേ മലിനജലം ഒഴുകിയിരുന്ന ഓടയുടെ ഒരു ഭാഗത്ത് മലിന ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും അത് മലിന ജലം കെട്ടി കിടക്കുന്നതിനിടയാക്കുകയും ചെയ്യുകയുണ്ടായി. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

131 (789)

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയിലെ എക്സറേ യൂണിറ്റ് ലബോറട്ടറി എന്നിവ ഇപ്പോൾ പ്രവർത്തന രഹിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ബ്ളഡ് ബാങ്ക് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടെ ഒഴിവുള്ള തസ്തികയിൽ ഡോക്ടർമാരെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. വടക്കാഞ്ചേരി ആശുപത്രിയിലെ എക്സറേ യൂണിറ്റ് ലബോറട്ടറി എന്നിവ പ്രവർത്തനക്ഷമമാണ്.

(ബി)&(സി) ഇവിടെ ബ്ളഡ് ബാങ്ക് യൂണിറ്റ് ഉണ്ട്. അത് പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ലൈസൻസ് ആവശ്യമാണ്. അതു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇവിടെ ഒഴിവുള്ള ഒരു തസ്തികയിൽ ഡോക്ടറെ 12.6.2000-ന് നിയമിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly